**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**തിരുവനന്തപുരം**

വിഷയം:- ആ.വ.ഡ -ജീവനക്കാര്യം - പ്രവേശന കാലവധി ദീർഘിപ്പിച്ചു നൽകിയതിനുശേഷം അസിസ്റ്റന്റ് സർജനായി നിയമനം -ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. ഉത്തരവ് നം. ഇ.എ.3-19000/2015/ആ.വ.ഡ., തീയതി 24/03/2015.

2. ഡോ. അർജുൻ സുരേഷിന്റെ അപേക്ഷ.

**ഉത്തരവ് നമ്പർ ഇ.എ.3-19000/2015/ആ.വ.ഡ,തീയതി 15/06/2017**

ഡോ. അർജുൻ സുരേഷ്, തയ്യിൽ ഹൗസ്, സനാതനം വാർഡ്, നിയർ വൈ.എം.സി.എ., ആലപ്പുഴ - 688001 കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ നിയമന ശുപാർശ പ്രകാരം അസിസ്റ്റന്റ് സർജനായി മേൽ സൂചന പ്രകാരം നിയമന ഉത്തരവ് നൽകിയെങ്കിലും ടിയാളുടെ അപേക്ഷ പ്രകാരം പ്രവേശന കാലാവധി 31/05/2017 തീയതി വരെ ദീർഘിപ്പിച്ചു നൽകിയിരുന്നു. എന്നാൽ സൂചന (2) പ്രകാരമുള്ള അപേക്ഷയുടെ അടിസ്ഥാനത്തിൽ ഡോ. ഡോ. അർജുൻ സുരേഷിനെ അസിസ്റ്റന്റ് സർജനായി സാമൂഹികാരോഗ്യ കേന്ദ്രം, മുഹമ്മ, ആലപ്പുഴ നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

ടിയാൾ 19/06/2017 തീയതിയിൽ അസ്സൽ സർട്ടിഫിക്കറ്റുകളും നിയമന ഉത്തരവും സഹിതം ജില്ലാ മെഡിക്കൽ ആഫീസർ, ആലപ്പുഴ മുൻപാകെ ഹാജരാകേണ്ടതാണ്. അല്ലാത്തപക്ഷം ജോലിയിൽ പ്രവേശിക്കാത്ത വിവരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുൻപാകെ അറിയിക്കുന്നതാണ്.

ആർ.ടി.സി. കൃത്യമായും അയച്ചുതരേണ്ടതാണ്.

ജനറൽ ട്രാൻസ്ഫർ നടത്തുന്ന മുറയ്ക്ക് ആവശ്യമെങ്കിൽ ഈ ഉത്തരവ് പുന: പരിശോധിക്കുന്നതാണ്.

ഒപ്പ്/-

ഡോ. സരിത ആർ. എൽ.

**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്:

ഡോ. അർജുൻ സുരേഷ്, തയ്യിൽ ഹൗസ്, സനാതനം വാർഡ്, നിയർ വൈ.എം.സി.എ., ആലപ്പുഴ - 688001.

പകർപ്പ് :-

1. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), ആലപ്പുഴ.
   (ഡോ. അർജുൻ സുരേഷ് ന്റെ തിരിച്ചറിയൽ രേഖ ഉള്ളടക്കം ചെയ്യുന്നു. ടിയാളെ നിയമിച്ച സ്ഥാപനത്തിൽ ഒഴിവ് ഇല്ലായെങ്കിൽ സാധൂകരണത്തിന് വിധേയമായി മറ്റൊരു സ്ഥാപനത്തിൽ മാറ്റി നിയമിക്കേണ്ടതാണ്)
2. അക്കൗണ്ടന്റ് ജനറൽ ആഫീസർ (എ&ഇ), കേരള, തിരുവനന്തപുരം.
3. മെഡിക്കൽ ഓഫീസർ, സാമൂഹികാരോഗ്യ കേന്ദ്രം, മുഹമ്മ, ആലപ്പുഴ.
4. ഫയൽ/കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

ജിആർആർ-16/06/2017